എസി.എച്ച്/2022
21.11.2022.

# പത്രക്കുറിപ്പ്

## കേരളസർവകലാശാല

## ഒന്നാം വർഷ ബിരുദ ,ബിരുദാനന്തരബിരുദ പ്രവേശനം – 2022

## കോളേജ് തല സ്പോട്ട് അലോട്ട്മെന്റ് – നവംബർ 23–ാം തീയതി

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് കോളേജ് തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നവംബർ 23–ാം തീയതി **അതാത് കോളേജുകളിൽ** വച്ച് നടത്തുന്നു.

നിലവിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് 21.11.2022 5.00 മണി മുതൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**നിലവിൽ കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും കോളേജുകളിൽ അഡ്മിഷൻ ഉള്ള വിദ്യാർത്ഥികൾക്ക് ടി സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.**

വിദ്യാർത്ഥികളോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളോ 23.11.2022 രാവിലെ 12.00 മണിക്ക് മുൻപായി അഡ്മിഷൻ ആഗ്രഹിക്കുന്ന കോളേജുകളിൽ ഹാജരാകേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ടി.സി. എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്

ഒന്നിലധികം കോളേജുകളിൽ അഡ്മിഷൻ ആഗ്രഹിക്കുന്ന പക്ഷം വിദ്യാർത്ഥികൾക്ക് രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷകർത്താവ്/പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ വിദ്യാർത്ഥി ഒപ്പിട്ട authorization letter, മേൽ പറഞ്ഞ രേഖകളുടെ പകർപ്പുകൾ എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ്(http://admissions.keralauniversity.ac.in) സന്ദർശിക്കുക.

**രജിസ്ട്രാർ**